(ബി) ഇപ്പോൾ ഈ സ്കൂളിൽ 313 കുട്ടികൾ പഠിക്കുന്നുണ്ടെങ്കിലും അദ്ധ്യയനം നടത്തുന്നതിനുവേണ്ട അദ്ധ്യാപകരില്ല എന്നത് സംബന്ധിച്ച പി.റ്റി.എ. കമ്മിറ്റി നൽകിയ നിവേദനം ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ സ്കൂളിലെ ഹെഡ്മാസ്റ്റർ, രണ്ട് ഹൈസ്കൂൾ അദ്ധ്യാപകർക്കുമാണ് (1-സയൻസ്, 1-കണക്ക്, 1-സോഷ്യൽ സയൻസ്, 1-മലയാളം, 1-ഹിന്ദി) പ്രൊമോഷൻ മുഖേന ഡി.ഇ.ഒ.-യുടെ ഉത്തരവിലൂടെ ലഭിച്ചിട്ടുള്ളത്. ഇപ്പോൾ ഈ സ്കൂളിൽ പ്രധാനാദ്ധ്യാപകനെ കൂടാതെ 5 ഹൈസ്കൂൾ അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. കുട്ടികളുടെ എണ്ണത്തിനാനുപാതികമായി കെ.ഇ.ആർ. വ്യവസ്ഥ പ്രകാരം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിൽ വരികയാണ്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ

93 (1170) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലത്തിലെ പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി വരെയുള്ള ഒരു സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(ബി) ഏത് സ്കൂളിനെയാണ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) നെന്മാറ ഗവ.ബോയ്സ് ഹയർ സെക്കന്ററി സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സർക്കാർ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് (നടക്കാവ് മോഡൽ) ഉയർത്തുന്നതിന്റെ ഭാഗമായി 2015-16 വർഷത്തിൽ തുടങ്ങുവാൻ ലക്ഷ്യമിട്ട് തിരഞ്ഞെടുത്ത 100 എന്ന പദ്ധതി ആവിഷ്കരിച്ചു വരുന്നു. ഇതിന് നടപ്പ് സാമ്പത്തിക വർഷം 800 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി, ഫണ്ട് ശേഖരണവും ഗവേണിംഗ് ബോഡിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും രൂപീകരണവും സംബന്ധിച്ച നടപടികൾ പുരോഗമിച്ചു വരികയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ നെന്മാറ ഗവൺമെന്റ് ബോയ്സ്

LIBRARY ARCHIVES Kerala Legislative Assembly

ഹയർ സെക്കണ്ടറി സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത് സംബന്ധിച്ച കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. 3-4-2013-ലെ G.O(Rt)1538/13/പൊ.വി.വ. പ്രകാരം കോഴിക്കോട് നടക്കാവ് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം ടി സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്.

ഹയർ സെക്കണ്ടറി സ്കൂളിനും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിനും പുതിയ കെട്ടിടം

94 (1171) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര കുന്നം ഹയർ സെക്കണ്ടറി സ്കൂളിനും ഇറവങ്കര വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര നിയോജക മണ്ഡലത്തിലെ തഴക്കര കുന്നം ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയോ എസ്റ്റിമേറ്റോ സർക്കാരിൽ ലഭിച്ചിട്ടില്ല. ഇറവങ്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്.

(ബി) ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി ഈ സാമ്പത്തിക വർഷം 400 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ചുകൊണ്ടുള്ള സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായുള്ള പരിഗണനാ പട്ടികയിൽ ഇറവങ്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിനെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡാക്കി ഉയർത്തൽ

95 (1172) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡാക്കി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly